## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2922 | 13.03.2018 -ൽ മറുപടിയ്ക്ക്

## കാർഷിക ക്ലിനിക്കുകൾ

**ചോദ്യം**

**ശ്രീ. അടൂർ പ്രകാശ്**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**

**(കൃഷി വകുപ്പ് മന്ത്രി)**

(എ) കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് മരുന്ന് കുറിച്ച് നൽകുന്നതിനും അതിന്റെ പ്രയോഗരീതി വിശദീകരിക്കുന്നതിനും ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(എ) കാർഷിക വിളകളുടെ കീടരോഗ നിയന്ത്രണത്തിന് സഹായകരമായ രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെ വിള ആരോഗ്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം എപ്രകാരമായിരിക്കുമെന്നും ഏതൊക്കെ ജില്ലകളിലാണ് ഇത് ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ ?

(ബി) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗ ബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന ചെയ്യുന്നത്. പെസ്റ്റ് ബുള്ളറ്റിനുകൾ മുഖേനയും കർഷകർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും കർഷകർക്ക് നൽകുന്നു. കീടരോഗ നിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, അമ്ലത്വ പരിശോധനയ്ക്കുള്ള പി.എച്ച്.മീറ്റർ, ശത്രു കീടങ്ങളെയും തിരിച്ചറിയാനുള്ള സ്പെസിമനുകൾ, ഫോട്ടോഗ്രാഫുകൾ, പുസ്തകങ്ങൾ, മാഗസിനുകൾ സിഡികൾ എന്നിവയും റഫറൻസിനായി കർഷകർക്ക് ലഭ്യമാക്കുന്നു. 14 ജില്ലകളിലെ 152 ബ്ലോക്കുകളിലായി 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചു വന്നിരുന്നു. 2017-18 വർഷത്തിൽ 14 ജില്ലകളിലായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, പാലക്കാട്, മലപ്പുറം കണ്ണൂർ ജില്ലകളിൽ ജില്ലാതലത്തിൽ ജില്ലാ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ